2
ആഗസ്റ്റ് 2023
ബുധൻ
Pages- 5
Vol. 2 Issue 180

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

549



# മണിപ്പൂരിൽ ഭരണഘടന സംവിധാനം തകർന്നു : വിമർശനവുമായി സുപ്രീം കോടതി

ക്രമസമാധാനം തകർന്നിടത്ത് നീതി എങ്ങനെ നടപ്പാക്കുമെന്ന രൂക്ഷ വിമർശനവും ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ചോദിച്ചു

## വംശീയ കലാപത്തിന്റെ മറവിൽ ക്രൈസ്തവർക്കു നേരെ ആസൂത്രിത ആക്രമണമാണുണ്ടായത് ; ഇംഫാൽ ആർച്ച് ബിഷപ്പ്

എഡിറ്റോറിയൽ
ക്രിസ്ത്യൻ ലൈവ്
2023 ആഗസ്റ്റ് 2 ബുധൻ



# ജീർണ്ണിക്കുന്ന ജേർണലിസം

ജനാധിപത്യത്തിന്റെ നാലാമത്തെ തൂണാണ് മാധ്യമങ്ങൾ. സാധാരണക്കാരും, അടിച്ചമർത്തപ്പെട്ടവരുടെയും, അധഃസ്ഥിതരുടെയും, ആലംബഹീനരുടേയും, ശബ്ദമില്ലാത്തവരുടേയും ഒക്കെ ശബ്ദമായി മാറുക എന്ന ഉത്തരവാദിത്വമാണ് മാധ്യമങ്ങൾക്ക് ഉള്ളത്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾ; ജനസാമാന്യത്തിന് ദോഷകരമായ തരത്തിലുള്ള തീരുമാനങ്ങൾ എടുത്ത് അത്, ഭരണ നിർവഹണ സംവിധാനങ്ങളും, നീതിന്യായക്കോടതികളും ഒക്കെ ഉപോയോഗിച്ച് അടിച്ചേൽപ്പിക്കുമ്പോൾ ഒരു തിരുത്തൽ വാദ ശക്തിയായി നിലകൊള്ളേണ്ടുന്നവരാണ് മാധ്യമങ്ങളും അതിൽ പ്രവർത്തിക്കുന്നവരും. എന്നാൽ വർത്തമാനകാല മാധ്യമങ്ങൾ, മാധ്യമധർമ്മം കാറ്റിൽ പറത്താൻ പരസ്പരം മത്സരിക്കുകയാണ്.

തങ്ങളുടെ മാധ്യമത്തിന് റേറ്റ് കൂട്ടാൻ ഏതറ്റം വരെയും പോകുന്ന പ്രവണതയാണ് നാമിന്ന് കാണുന്നത്. വസ്തുതകളുടെ നിജസ്ഥിതിയോ കൃത്യമായ ഉറവിടമോ അന്വേഷിക്കാതെ ലഭിക്കുന്നത് എന്തും തലക്കെട്ടുകളായിട്ടോ, ഫ്ലാഷ് ന്യൂസ് ആയിട്ടോ കൊടുക്കുകയാണ്. സത്യം ചെരുപ്പിട്ട് തയ്യാറായി വരുമ്പോളേക്കും അസത്യം ലോകം ചുറ്റിയിട്ടുണ്ടാകും എന്ന വസ്തുത മനപ്പൂർവം വിസ്മരിക്കുകയാണ് പതിവ്.

അടുത്തിടെ അന്തരിച്ച ശ്രീ ഉമ്മൻ ചാണ്ടി അടക്കമുള്ള എത്രയോ സത്യസന്ധരായ പൊതുപ്രവർത്തകരെയും മറ്റുമാണ് സമൂഹ മധ്യത്തിൽ കരിവാരിതേക്കാൻ മാധ്യമങ്ങൾ കൂട്ട് നിന്നിട്ടുള്ളത്. അവർക്കും അവരുടെ കുടുംബങ്ങൾക്കും ഉണ്ടായിട്ടുള്ള അപമാനം എത്രമാത്രമാണ്? ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് മാധ്യമങ്ങൾക്ക് ഒരിക്കലും ഒഴിഞ്ഞിരിക്കാനാവില്ല.
മാധ്യമങ്ങളിൽ വന്നിട്ടുള്ള തെറ്റായ വാർത്തകളുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള വർഗ്ഗീയ കലാപങ്ങൾ നിരവധി അനവധിയാണ്. തന്മൂലം എത്ര പേരാണ് അതി ദാരുണമായി കൊല്ലപ്പെട്ടിട്ടുള്ളത്? പതിനായിരക്കണക്കിന് കുടുംബങ്ങളാണ് അനാഥമാക്കപ്പെട്ടിട്ടുള്ളത്. തെറ്റാണെന്ന് ബോധ്യമായാൽ പോലും ഒരു വാചകത്തിലെങ്കിലും മാപ്പ് പറയാനും മാധ്യമങ്ങൾ തയ്യാറാകാറില്ല എന്നതാണ് സത്യം.

വസ്തുതകളുടെ നിജസ്ഥിതി പുറത്തു വരുമ്പോഴേക്കും വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ഒക്കെ നികത്താനാവാത്ത നഷ്ടം ഉണ്ടായി കഴിഞ്ഞിരിക്കും. പ്രമാദമായ ചാരക്കേസ് ഉണ്ടായ കാലഘട്ടത്തിൽ അപസർപ്പക കഥകളെ വെല്ലുന്ന തരത്തിലുള്ള ഭാവനാവിലാസലോലമായ എത്രയെത്ര കഥകളാണ് അതിൽ ഉൾപ്പെടുത്തപ്പെട്ടവരെ ചേർത്ത് മാധ്യമങ്ങൾ മെനഞ്ഞുണ്ടാക്കിയത്? ആർക്കൊക്കെയാണ് അതുമായി ബന്ധപ്പെട്ട് നഷ്ടങ്ങൾ ഉണ്ടായത്? ഇസ്രോ യുടെ വളർച്ചയെ എത്രമാത്രമാണ് അത് പിന്നോട്ടടിച്ചത് എന്ന് ഏതെങ്കിലും ഗവേഷണം നടന്നിട്ടുണ്ടോ എന്നറിയില്ല. മാധ്യമങ്ങൾ പടച്ചുവിട്ട ഇല്ലാക്കഥകൾ മൂലം സമൂഹത്തിൽ വിവസ്ത്രരാക്കപ്പെട്ട ആ സ്ത്രീകൾക്കുണ്ടായ നഷ്ടങ്ങൾക്ക് ആരെങ്കിലും നഷ്ടപരിഹാരം നൽകിയോ എന്തോ?
ജനാധിപത്യത്തിന്റ തൂണായ മാധ്യമങ്ങൾ സനാതന സത്യങ്ങൾ ഉയർത്തിപ്പിടിക്കാൻ തയ്യാറായില്ലെങ്കിൽ ജേർണലിസം ജീർണലിസമാകും.



**സജി വർഗ്ഗീസ്, മണിയാർ**

# റവ.സണ്ണി വർക്കിയുടെ സംസ്കാര ശുശ്രൂഷ നാളെ



തിരുവല്ല : ചർച്ച് ഓഫ് ഗോഡ് കേരള റീജിയൻ മുൻ ഓവർസീയർ റവ.സണ്ണി വർക്കിയുടെ സംസ്കാര ശുശ്രൂഷ നാളെ നടക്കും. ഭൗതിക ശരീരം രാവിലെ 7 മണിക്ക് തിരുവല്ല T.M.M.ആശുപത്രിയിൽ നിന്നും ഭവനത്തിൽ കൊണ്ടുവരും. തുടർന്ന് 8.30 മുതൽ ആഞ്ഞിലിത്താനം മാർത്തോമ പാരീഷ് ഹാളിൽ പൊതുദർശനവും ശുശ്രൂഷയും നടക്കും. തുടർന്ന് 2 മണിക്ക് സംസ്കാര ശുശ്രൂഷ ദൈവസഭ ആഞ്ഞിലിത്താനം പൂവ്വക്കാല സെമിത്തേരിയിൽ ചർച്ച് ഓഫ് ഗോഡ് നാഷണൽ ട്രഷററും കേരള റീജിയൻ അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പുമായ റവ.എൻ.പി.കൊച്ചുമോൻ നിർവ്വഹിയ്ക്കും. ദൈവസഭ കേരള റീജിയൻ കൗൺസിൽ ശുശ്രൂഷകൾക്ക് നേതൃത്വം നല്കും. ശുശ്രൂഷകൾ ക്രിസ്ത്യൻ ലൈവ് യുട്യൂബ് ചാനലിലും മിഡിൽ ഈസ്റ്റ ക്രിസ്ത്യൻ യൂത്ത് മിനിസ്റ്ററീസ് ഫേസ്ബുക് പേജിലും തത്സമയ സംപ്രേഷണം ചെയ്യുന്നു.

# 21–ാ മത് എം പി എ യു കെ കോൺഫ്രൻസ് ഹേവാർഡ്സ് ഹീത്തിലെ അർഡിങ്ലിയിൽ

പോൾസൺ ഇടയത്ത്

യു കെ : യു കെയിലുള്ള മലയാളി പെന്തക്കോസ്ത് സമൂഹത്തിന്റെ ഐക്യ കൂട്ടായ്മയായ മലയാളി പെന്തകോസ്റ്റൽ അസോസിയേഷൻ യു കെ (MPA UK) യുടെ 21–ാമത് നാഷണൽ കോൺഫ്രൻസ് 2024 മാർച്ച് 29,30,31 തീയതികളിൽ ഇംഗ്ലണ്ടിലെ ഹേവാർഡ്സ് ഹീത്തിലുള്ള അർഡിങ്ലിയിൽ വച്ചു നടക്കും. ജൂലൈയിൽ കൂടിയ ലോക്കൽ കമ്മറ്റി മീറ്റിങ്ങിൽ പാസ്റ്റർ റോയ് തോമസിനെ ലോക്കൽ കോഓർഡിനേറ്ററായി തിരഞ്ഞെടുത്തു. യു കെയുടെ വിവിധ ഭാഗങ്ങളിലുള്ള ദൈവസഭകളുടെ സഹകരണത്തോടെ നടക്കുന്ന കോൺഫ്രൻസിനു വേണ്ടി വിപുലമായ ക്രമീകരണങ്ങളാണ് സംഘാടക സമിതി ഒരുക്കുന്നത്.

## നിത്യതയിൽ



പത്തനംതിട്ട: അതുമ്പുംകുളം ഐ.പി.സി സഭാ ശുശ്രൂഷകനും,ഐ പി.സി പുത്തൻപീടിക സഭാഗവുമായ പാസ്റ്റർ ജോർജ് കെ ജോയിയുടെ ഭാര്യ അനുറെൻസി വർഗ്ഗീസ് (42) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം തിങ്കളാഴ്ച.

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

# ഓണപ്പരീക്ഷ ആഗസ്ത് 16 മുതൽ

തിരുവനന്തപുരം :സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം പാദവാർ ഷിക പരീക്ഷ ആഗസ്ത് 16ന് ആരംഭിക്കും. ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ക്യു ഐ പി) മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിലാണ് പരീക്ഷ തീയതി അറിയിച്ചത്. യുപി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി തല പരീക്ഷകൾ ആഗസ്ത് 16 നും ലോവർ പ്രൈമറി (എൽ പി) തലത്തിലുള്ളവ 19 മുതലുമാണ് ആരംഭിക്കുന്നത്. എല്ലാ ക്ലാസിലെയും പരീക്ഷ ആഗസ്ത് 24 ന് അവസാനിക്കും.25ന് വിദ്യാലയങ്ങളിൽ ഓണാഘോഷ പരിപാടികൾ നടത്തും. പത്തു ദിവസം വരുന്ന ഈ വർഷത്തെ ഓണാവധി ആഗസ്ത് 26 മുതൽ സെപ്റ്റംബർ 4വരെയാണ്. കൂടാതെ ദിവസ വേതനത്തിൽ ജോലിചെയ്യുന്ന അധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് അടിയന്തര ക്രമീകര ണങ്ങൾ വരുത്തുമെന്ന് ഡയ റക്ടർ അധ്യാപക സംഘടനകൾക്ക് ഉറപ്പ് നൽകി. അക്കാദമിക് കലണ്ടർ പ്രകാരം ആഗസ്ത് 17 ന് നടത്താനിരുന്ന പരീക്ഷയാണ് ക്യു ഐ പി യോഗ തീരുമാനത്തിൽ ഒരു ദിവസം മുൻപേ നടത്താൻ തീരുമാനമായത്.

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# പാകിസ്ഥാനിലെ ചാവേർ ആക്രമണം; ഉത്തരവാദിത്തം ഏറ്റെടുത്ത് ഇസ്ലാമിക് സ്റ്റേറ്റ്



ഇസ്ലാമാബാദ് : പാകിസ്താനിലെ ഭരണമുന്നണിയുടെ ഭാഗമായ ജമിയത്ത് ഉലിമഇഇസ്ലാംഫസൽ പാർട്ടിയുടെ സമ്മേളനത്തിനിടെ ഉണ്ടായ ചാവേർ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഭീകര സംഘടനയായ ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തതായി അൽ ജസീറ റിപ്പോർട്ട് ചെയ്യുന്നു. 23 കുട്ടികളടക്കംഇതുവരെ 54പേർ മരിച്ചു. 200ലേറെ പേർക്ക് പരിക്കേറ്റു. ഇതിൽ പലരുടെയും നില ഗുരുതരമാണ്. മരണ സംഖ്യ ഇനിയും ഉയർന്നേക്കാമെന്നാണ് സൂചന.

ഖൈബർ പഖ്തൂൺ ഖ പ്രവിശ്യയിൽ ബജൗർ ജില്ലയിലെ ഖറിൽ കഴിഞ്ഞ ദിവസം വൈകിട്ട് നാല് മണിയോടെയാണ് സംഭവം. നാന്നൂറോളം പ്രവർത്തകർ ഉണ്ടായിരുന്നു. ഒരു നേതാവ് വേദിയിൽ പ്രസംഗിക്കവെ ചാവേർ ഭീകരൻ പൊട്ടിത്തെറിക്കുകയായിരുന്നു. അഫ്ഗാൻ അതിർത്തിയോട് ചേർന്നുള്ള ഖൈബർ പഖ്തൂൺ ഖ പ്രവിശ്യയിൽ സ്ഫോടനങ്ങൾ പതിവാണ്. 12 കിലോയോളം സ്ഫോടന വസ്തുക്കൾ പൊട്ടിത്തെറിക്ക് ഉപയോഗിച്ചിട്ടുണ്ടെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത്.പാർട്ടിയുടെ പ്രാദേശിക നേതാവായ മൗലാന സിയാവുള്ളയും പൊട്ടിത്തെറിയിൽ കൊല്ലപ്പെട്ടിരുന്നു. എന്നാൽ ഇതിനിടെ ചാവേർ ആക്രമണത്തിന്റെ നടുക്കുന്ന വീഡിയോ ദൃശ്യം പുറത്തെത്തി. പൊട്ടിത്തെറി നടന്ന പ്രദേശത്ത് സൈന്യത്തെയും അർദ്ധ സൈനിക വിഭാങ്ങളെയും വിന്യസിച്ചു. സർക്കാരിന്റെയും മുന്നണിയുടെയും ഇടനനിലക്കാരനായ മൗലാന ഫസ്ലുർ റഹ്മാൻ പ്രസംഗിക്കാനിരിക്കെയാണ് സ്ഫോടനം അരങ്ങേറിയത്. 2011ലും 2014ലിലും രാഷ്ട്രീയ റാലിയിലുണ്ടായ പൊട്ടിത്തെറിയിൽ ഇയാൾ തലനാരിഴയ്ക്ക് രക്ഷപ്പെടുകയായിരുന്നുവെന്നാണ് അൽജസീറ റിപ്പോർട്ട് ചെയ്യുന്നത്.

# യു പി യിൽ ക്രിസ്ത്യൻ കുടുംബത്തെ ദേശീയവാദികൾ ക്രൂരമായി മർദിച്ചു

യു പി : ദേശീയവാദികൾ ഉത്തർപ്രദേശിലെ റായ്ബറേലി ജില്ലയിൽ പാസ്റ്ററെയും കുടുംബത്തെയും ആക്രമിച്ചു. ഗ്രാമവാസികളെ ക്രിസ്ത്യാനികളാക്കി എന്നാരോപിച്ചാണ് ജനക്കൂട്ടം കുടുംബത്തെ ആക്രമിച്ചത്. പാസ്റ്ററുടെ ഭാര്യക്ക് അടിയേറ്റ് തലയ്ക്ക് വെട്ടേറ്റു, അത് അവളെ അബോധാവസ്ഥയിലാക്കി; ആന്തരികാവയവങ്ങൾക്കു ഗുരുതരമായി പരിക്കേറ്റ അവളെയും മറ്റുള്ളവരെയും ആശുപത്രിയിൽ എത്തിച്ചു.

പാസ്റ്ററും കുടുംബവും ഞായറാഴ്ച രാവിലെ ആരാധന ആരംഭിക്കാൻ തയ്യാറെടുക്കുകയായിരുന്നുവെന്ന് പ്രാദേശിക വൃത്തങ്ങൾ പറഞ്ഞു. അക്രമികളിൽ നിന്ന് ഭർത്താവിനെ രക്ഷിക്കാൻ ശ്രമിച്ച പാസ്റ്ററുടെ ഭാര്യക്ക് തലയ്ക്ക് പരിക്കേറ്റു. ക്രൂരമായ ആക്രമണം കണ്ടതോടെ ജനക്കൂട്ടം ഓടി രക്ഷപ്പെട്ടു. ജനക്കൂട്ടം പള്ളി തല്ലിത്തകർക്കുകയും ഫർണിച്ചറുകളും മറ്റ് സാധനങ്ങളും നശിപ്പിക്കുകയും ചെയ്തതായും വൃത്തങ്ങൾ അറിയിച്ചു. സഹായത്തിനായി പാസ്റ്റർ പോലീസിനെ വിളിച്ചപ്പോൾ, പാസ്റ്ററെയും കുടുംബത്തെയും കാര്യങ്ങൾ ബുദ്ധിമുട്ടിക്കാൻ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി, അവരെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി, അവിടെ പാസ്റ്ററും ഭാര്യയും അനധികൃത മതപരിവർത്തനം നടത്തിയെന്ന് അക്രമികൾ ആരോപിച്ചു. പോലീസ് ആരോപണം രജിസ്റ്റർ ചെയ്യുകയും പാസ്റ്ററെയും ഭാര്യയെയും 24 മണിക്കൂറിലധികം സ്റ്റേഷനിൽ നിർത്തി, ഒടുവിൽ ജാമ്യത്തിൽ വിട്ടു.

യേശുവിനെ രക്ഷകനായി സ്വീകരിച്ച ശേഷം ആറ് വർഷത്തിലേറെയായി പാസ്റ്റർ തന്റെ ഗ്രാമത്തിൽ സേവനം ചെയ്യുന്നു. തന്റെ വീട്ടിലെ ആരാധന നിർത്തിവയ്ക്കാൻ പല അവസരങ്ങളിലും അദ്ദേഹത്തെ ഭീഷണിപ്പെടുത്തിയിരുന്നു, ഈ ആക്രമണം തീവ്ര ഹിന്ദു ദേശീയവാദികളിൽ നിന്നുള്ള ആ ഭീഷണിയുടെ പര്യവസാനമായിരുന്നു. ഉത്തർപ്രദേശിൽ തുടർച്ചയായ രണ്ടാം തവണയും ഹിന്ദു അനുകൂല ബിജെപി അധികാരത്തിൽ വന്നതിന് ശേഷം ഉത്തർപ്രദേശിൽ മത പീഡന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്. രാജ്യത്ത് മതപരിവർത്തന വിരുദ്ധ നിയമങ്ങൾ നടപ്പാക്കുന്ന 11ൽ ഒന്നാണ് യു പി സർക്കാർ.

# ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്ക് ഭവന പുനരുദ്ധാരണ പദ്ധതി

ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. മുസ്ലിം, ക്രിസ്ത്യൻ, ബുദ്ധ, സിക്ക്, പാഴ്സി, ജൈന എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹബന്ധം ഏർപ്പെടുത്തിയ /ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവാ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പാണ് ധനസഹായം നൽകുന്നത്. ശരിയായ ജനലുകൾ/ വാതിലുകൾ/ മേൽക്കൂര/ ഫ്ലോറിങ്/ ഫിനിഷിംഗ് /പ്ലംബിംഗ് /സാനിറ്റേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം. ഒരു വീടിന്റെ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപയാണ് ധനസഹായം. ഇത് തിരിച്ചടയ്ക്കേണ്ടതില്ല.
അപേക്ഷകയുടെ സ്വന്തം/ പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണം 1200 സ്ക്വയർ ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷ ക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം. അപേക്ഷ ഫോറവും മറ്റു വിശദാംശങ്ങളും www.minortiywelfare.kerala.gov.inഎന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അപേക്ഷകൾ അത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന അവസാന തീയതി ഓഗസ്റ്റ് 25.

## അനുസ്മരണം

### പാസ്റ്റർ സണ്ണി വർക്കി എന്ന അതുല്യ പ്രതിഭ



പാസ്റ്റർ സണ്ണി വർക്കിയുടെ നിര്യാണത്തിലൂടെ മലയാളി പെന്തകോസ്ത് സമാജത്തിന് നഷ്ടമായത് ഒരു അതുല്യ പ്രതിഭയെ ആണ്. പാസ്റ്റർ സണ്ണി വർക്കിയെ ഞാൻ അവസാനം കാണുന്നത് ജനുവരിയിൽ നടന്ന ജനറൽ കൺവൻഷനിൽ പാക്കിൽ സ്റ്റേഡിയത്തിൽ വച്ചാണ്. ജ്യേഷ്ഠ സഹോദരനെ പോലെ സ്നേഹിക്കുകയും ശുശ്രൂഷകൾക്ക് എല്ലാ പിന്തുണയും നല്കുകയും ചെയ്തിരുന്നു.
കഴിഞ്ഞ നവംബറിൽ എന്റെ സഹോദരിയുടെ ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കുകയും നല്ല പ്രസംഗം നടത്തി ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു.



പാസ്റ്റർ ജെയ്സ് പാണ്ടനാട്

ബന്ധങ്ങൾക്കും സൗഹൃദങ്ങൾക്കും വില നൽകിയിരുന്ന വ്യക്തിയായിരുന്നു പാസ്റ്റർ സണ്ണി വർക്കി. അദ്ദേഹത്തിന്റെ മകളുടെ വിവാഹത്തിനും ഞാൻ പങ്കെടുത്തിരുന്നു. അടിമുടി മാന്യതയും പെന്തകോസ്ത് ആദർശവും കാത്തു സൂക്ഷിച്ച വ്യക്തി. അമിത കൃത്യപ്പുകളോ ലിബറൽ ആധുനികതയോ ദുരുപദേശ പ്രവണതകളോ സ്വാധീനിക്കാത്ത വചന പ്രഘോഷണം, പെരുമാറ്റങ്ങളിലും ആശയ വിനിമയങ്ങളിലും പുലർത്തുന്ന കുലീനത്വം, കാർമിക ശുശ്രൂഷകളിൽ പുലർത്തുന്ന മികച്ച ഔന്നത്യം, നേതൃശേഷിയിലെ ഉന്നതമായ പക്വത, വസ്ത്രധാരണത്തിലെ പാരമ്പര്യ ശീലം ഇവയൊക്കെ പാസ്റ്റർ സണ്ണി വർക്കിയെ വ്യത്യസ്തനാക്കി.

ആകമാന ദൈവസഭയുടെ ഏറ്റവും പ്രായം ( 35 വയസ് )കുറഞ്ഞ ഓവർസിയർ എന്ന ഖ്യാതി 1992 ൽ അദ്ദേഹത്തിനുണ്ടായിരുന്നു. പാസ്റ്റർ കെ ജെ ചാക്കോ, പാസ്റ്റർ വൈ ജോസഫ് എന്നിവർക്ക് ശേഷം ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയനെ ഒരു പതിറ്റാണ്ട് നയിച്ച പാസ്റ്റർ സണ്ണി വർക്കിയുടെ ഭരണകാലം വികസനത്തിന്റേതും ആത്മീക വളർച്ചയുടെയും ആയിരുന്നു.

1990 കൾക്ക് ശേഷം കേരളത്തിലെ പെന്തക്കോസ്ത് സഭാ നേതാക്കന്മാരുടെ നിരയിൽ പാസ്റ്റർമാരായ ടീ എസ് ഏബ്രഹാം, കെ സി ജോൺ, പി എ വി സാം, ടീ ജി കോശി, പി എസ് ഫിലിപ്പ്, വി എ തമ്പി, തോമസ് ഫിലിപ്പ്, ഒ എം രാജുക്കുട്ടി എന്നിവരോടൊപ്പം തലയെടുപ്പോടെ പാസ്റ്റർ സണ്ണി വർക്കിയും ഉണ്ടായിരുന്നു. യുവനേതാവായ പാസ്റ്റർ സണ്ണി വർക്കിയെ സീനിയർ നേതാക്കന്മാർ വളരെ വാത്സല്യത്തോടെയാണ് കരുതിയിരുന്നത്.

ഒരു കാലത്ത് ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് നേതൃത്വ നിരയിലെ പ്രഗത്ഭർ പാസ്റ്റർമാരായ പി എ വി സാം, വെല്ലസ്ലി സോളമൻ, കെ എം തങ്കച്ചൻ, എ മത്തായി, ജ്യോതികുമാർ റെഡ്ഡി , സണ്ണി വർക്കി എന്നിവർ ആയിരുന്നു. ചർച്ച് ഓഫ് ഗോഡിന്റെ ഓൾ ഇന്ത്യാ ഗവേണിങ് ബോഡി സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.
2000 ത്തിൽ ശ്രീ എൻ എം രാജുവിന്റെ നേതൃത്വത്തിൽ റീഡേഴ്സ് പബ്ലിക്കേഷൻസ് 'പെന്തകോസ്ത് ദൈവശാസ്ത്രം ' രൂപീകരിച്ചപ്പോൾ പാസ്റ്റർ സണ്ണി വർക്കി ഉപദേശക സമിതി അംഗം ആയിരുന്നു. മികച്ച പ്രഭാഷകൻ, വേദാധ്യാപകൻ, സംഘാടകൻ, ഭരണാധികാരി എന്നീ നിലകളിൽ ശോഭിച്ച വ്യക്തിയായിരുന്നു.

റൈനോർഡ് ബോങ്കെ, ഡേവിഡ് യോങ്ങിച്ചോ, എന്നിവർ കേരളത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിലും പെന്തകോസ്ത് ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച, റോജർ ഹോഷ്മ പങ്കെടുത്ത സമ്മേളനത്തിലും പാസ്റ്റർ സണ്ണി വർക്കി മുൻ നിരയിൽ ഉണ്ടായിരുന്നു.

നല്ല പരിഭാഷകനും എഴുത്തുകാരനും കൂടിയായിരുന്നു അദ്ദേഹം. ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെല്ലോഷിപ്പിന്റെ വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പാസ്റ്റർ സണ്ണി വർക്കിയോടൊപ്പം . വേദി പങ്കിട്ട മികച്ച അനുഭവങ്ങൾ അവിസ്മരണീയമാണ്.

പൊയ്മുഖങ്ങൾ ഇല്ലാത്ത, നിലപാടുകൾ ഉയർത്തി പറഞ്ഞ ധിഷണാ ശാലിയായ നേതാവിനെയാണ് പാസ്റ്റർ സണ്ണി വർക്കിയുടെ വിയോഗത്തിലൂടെ നഷ്ടമായിരിക്കുന്നത്. വ്യക്തിപരമായി എനിക്ക് ജ്യേഷ്ഠ സഹോദരനെയും.

# വംശീയ കലാപത്തിന്റെ മറവിൽ ക്രൈസ്തവർക്കു നേരെ ആസൂത്രിത ആക്രമണമാണുണ്ടായത് ; ഇംഫാൽ ആർച്ച് ബിഷപ്പ്

ന്യൂഡൽഹി: വംശീയ കലാപത്തിന്റെ മറവിൽ ക്രൈസ്തവർക്കും ദേവാലയങ്ങൾക്കുമെതിരേ ആസൂത്രിത ആക്രമണം ഉണ്ടായെന്ന് ഇംഫാൽ ആർച്ച് ബിഷപ്പ് ഡോ. ഡൊമിനിക് ലുമോൺ. കലാപം തുടങ്ങി 36 മണിക്കൂറിനുള്ളിൽ ഇംഫാൽ താഴ്വരയിൽ മെയ്തികളുടെ മാത്രം 249 ക്രൈസ്തവ ദേവാലയങ്ങൾ തകർത്തതിനു പിന്നിൽ ക്രൈസ്തവ വിരുദ്ധതയും മതപരമായ അസഹിഷ്ണതയും വ്യക്തമാണെന്നു പ്രത്യേക അഭിമുഖത്തിൽ ആർച്ച് ബിഷപ്പ് പറഞ്ഞു. കുക്കി മേഖലയായ ചുരാചന്ദ്പുരിൽ 13 മെയ് ക്രൈസ്തവ ദേവാലയങ്ങളും ഒരു ക്ഷേത്രവും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കുക്കികളുടെ കേന്ദ്രത്തിലാണ് മെയ്തി പള്ളികൾ അതേപടി നിലനിൽക്കുന്നത്.



മെയ്തികളുടെ കേന്ദ്രമായ ഇംഫാൽ താഴ്വരയിൽനിന്നു കുക്കികൾ ജീവനുംകൊണ്ട് ഓടുകയായിരുന്നു. അതിനാൽ തന്നെ പള്ളികൾ തകർത്തത് ക്രൈസ്തവ ഭൂരിപക്ഷമുള്ള കുക്കികളാണെന്നു കരുതാനാകില്ല. അതിനുള്ള ഒരു തെളിവുമില്ല. എന്നാൽ, ഹിന്ദു ഭൂരിപക്ഷമായ മെയ്തികളിലെ ചില ശക്തികൾ ക്രൈസ്തവർക്കെതിരേ സംഘടിതമായ ആക്രമണം നടത്തിയതായാണ് ലഭിക്കുന്ന തെളിവുകളെന്നും ഡോ. ലുമോൺ പറഞ്ഞു. ഇംഫാലിലെ 249 മെയ്തി പള്ളികൾക്കു പുറമെ വിവിധ ജില്ലകളിലായി കുക്കികളുടെ അനേകം പള്ളികൾ വേറെയും തകർത്തതായും അദ്ദേഹം വെളിപ്പെടുത്തി.

മണിപ്പൂർ കലാപം വർഗീയമാക്കി മാറ്റാൻ ചില ശക്തികൾ ശ്രമിച്ചതായി സംശയമെന്ന് ഇംഫാൽ ആർച്ച് ബിഷപ്പ് ഡൊമിനിക് ലുമോൺ മലയാളത്തിലെ പ്രമുഖ മാധ്യമങ്ങളോടും വെളിപ്പെടുത്തൽ നടത്തിയിരിന്നു. സംസ്ഥാനത്ത് വിവിധ ഗോത്രങ്ങൾ തമ്മിലും മറ്റ് വിഭാഗങ്ങളുമായും മുമ്പും സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തവണ പക്ഷേ അതിൽ മതം കലർത്താനുള്ള ബോധപൂർവമായ ശ്രമങ്ങൾ ചില കോണുകളിൽ നിന്നുണ്ടായി. കത്തോലിക്ക ദേവാലയങ്ങൾ തിരഞ്ഞുപിടിച്ച് ആക്രമിച്ചതിലും ദുരൂഹതയുണ്ട്. സമാധാന സ്ഥാപനത്തിന് കേന്ദ്ര സർക്കാർ ആത്മാർഥമായി ഇടപെടണമെന്നും ഏതു തരത്തിലുള്ള ചർച്ചകൾക്കും സഭ തയാറാണെന്നും ആർച്ച് ബിഷപ്പ് കൂട്ടിച്ചേർത്തു.

## മണിപ്പൂരിൽ ഭരണഘടനാ സംവിധാനം തകർന്നു : വിമർശനവുമായി സുപ്രീം കോടതി

ന്യൂഡൽഹി: കലാപം തുടരുന്ന മണിപ്പൂരിൽ ഭരണഘടനാ സംവിധാനം തകർന്നെന്നും മേയ് മാസം മുതൽ ജൂലൈവരെ അവിടെ നിയമം ഇല്ലാത്ത അവസ്ഥയായിരുന്നെന്നും തുറന്നടിച്ച് സുപ്രീം കോടതി. പൊലീസിൽ വിശ്വാസം നഷ്ടപ്പെട്ടെന്നും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിൽ വലിയ കാലതാമസം ഉണ്ടായെന്നും വ്യക്തമാക്കിയ സുപ്രീം കോടതി, വെള്ളിയാഴ്ച രണ്ടു മണിക്ക് ഡിജിപി നേരിട്ടു ഹാജരായി വിവരങ്ങൾ നൽകാണമെന്നും ഉത്തരവിട്ടു.

നഗ്നയാക്കപ്പെടുകയും ബലാത്സംഗത്തിന് ഇരയാക്കപ്പെടുകയും ചെയ്ത സ്ത്രീയുടെ മൊഴിയിൽ, തന്നെ ആൾക്കൂട്ടത്തിന് കൈമാറിയത് പൊലീസാണെന്നാണ് അവർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തോ എന്നും ഏതെങ്കിലും പൊലീസ് ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തോ എന്നും ചീഫ് ജസ്റ്റിസ് ആരാഞ്ഞു. സിബിഐ അന്വേഷണം തുടരുകയാണെന്നും വെള്ളിയാഴ്ച റിപ്പോർട്ട് നൽകാമെന്നും സോളിസിറ്റർ ജനറൽ തുഷാർ മേത്ത അറിയിച്ചു.

മണിപ്പൂർ അക്രമങ്ങളുമായി ബന്ധപ്പെട്ട് 6532 എഫ്ഐആറുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് തുഷാർ മേത്ത അറിയിച്ചു. എന്നാൽ, 6523 എഫ്ഐആറുകളിൽ വ്യക്തതയില്ലെന്നും കൊലപാതകം, ബലാത്സംഗം, കൊള്ളിവയ്പ്, സ്വത്തുവകകൾ നശിപ്പിക്കൽ എന്നിങ്ങനെ ഏതൊക്കെ കുറ്റങ്ങളാണെന്ന് തരംതിരിച്ച് എഫ്ഐആറുകളുടെ




വിവരം കൈമാറണമെന്നും ചീഫ് ജസ്റ്റിസ് ആവശ്യപ്പെട്ടു.

ക്രമസമാധാനം തകർന്നിടത്ത് നീതി എങ്ങനെ നടപ്പാക്കുമെന്ന രൂക്ഷ വിമർശനവും ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ചോദിച്ചു. എന്താണു നടന്നതെന്ന് കണ്ടെത്തേണ്ടത് ഡിജിപിയുടെ ചുമതലയാണെന്ന് പറഞ്ഞ അദ്ദേഹം, അന്വേഷണം ഇഴഞ്ഞുനീങ്ങുകയാണെന്നും അറസ്റ്റുകൾ ഉണ്ടാകുന്നില്ലെന്നും കുറ്റപ്പെടുത്തി.

ഈ 6,500 എഫ്ഐആറുകൾ മുഴുവൻ അന്വേഷിക്കാൻ സിബിഐക്ക് കഴിയില്ല. സംസ്ഥാന പൊലീസിനെ വിശ്വസിക്കാൻ കഴിയില്ല. എന്താണ് ചെയ്യേണ്ടതെന്ന് പഠിച്ചു പറയണം. അവിടെ ബലാത്സംഗം ചെയ്യപ്പെട്ടതും കൊല്ലപ്പെട്ടതും നമ്മുടെ ആളുകളല്ലേ? അതുകൊണ്ട് ഇക്കാര്യത്തിൽ ശരിയായത് ചെയ്യണമെന്ന് നിർദേശിച്ച ചീഫ് ജസ്റ്റിസ്, ഹൈക്കോടതി മുൻ ജഡ്ജിമാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനെ കുറിച്ച് ആലോചിക്കുകയാണെന്നും അറിയിച്ചു. കേസ് ഇനി അടുത്ത തിങ്കളാഴ്ച പരിഗണിക്കും.

## പത്തനാപുരം സെന്റർ പി.വൈ പി.എ യ്ക്ക് പുതിയ ഭരണസമിതി




പത്തനാപുരം : പത്തനാപുരം സെന്റർ പി.വൈ.പി.എ അടുത്ത ടേമിലേക്കുള്ള ഭരണ സമിതി നിലവിൽ വന്നു. ഇവാ. ജോൺസൻ ജി തോമസ് ആണ് പ്രസിഡന്റ്. അലക്സ് എബ്രഹാം, ഷെറിൻ തോമസ് എന്നിവർ വൈസ് പ്രസിഡന്റുമാരായി തിരഞ്ഞെടുക്കപ്പെട്ടു. ആഷേർ മാത്യു തോമസ് ആണ് സെക്രട്ടറി. സ്റ്റാൻലി വയല, സാം പോൾ എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും ജോയൽ എബി ജോർജ്ജ് ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടു. ഏബ്ബെൽ മാത്യു പബ്ലിസിറ്റി കൺവീനർ, ബിബിൻ ബേബി (സംസ്ഥാന പ്രതിനിധി) എന്നിങ്ങനെയാണ് മറ്റ് സ്ഥാനങ്ങളിലേക്കുള്ള പ്രതിനിധികൾ.

ഇന്ത്യ പെന്തക്കോസ്തു ദൈവസഭയുടെ മുൻ ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് പൊതുയോഗത്തിൽ സന്നിഹിതനായിരുന്നു. ഒപ്പം ലഖു സന്ദേശം നൽകി പുതിയ ഭരണ സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകുകയും അനുഗ്രഹിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഐ.പി.സി പത്തനാപുരം സെന്റർ മിനിസ്റ്റർ പാസ്റ്റർ സി എ തോമസ് നേതൃത്വം നൽകി. കേരള സ്റ്റേറ്റ് പി.വൈ.പി.എ പ്രസിഡന്റ് ഇവാ. ഷിബിൻ ജി ശാമുവൽ, ജനറൽ കൗൺസിൽ അംഗം അഡ്വ ജോൺസൻ കെ ശാമുവൽ, പത്തനാപുരം സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ എബി പി ജോർജ്ജ്, സെക്രട്ടറി പാസ്റ്റർ എസ്. മത്തായി കുട്ടി, ജോയിന്റ് സെക്രട്ടറി ബ്രദ.ജോൺസൻ ശാലേം എന്നിവർ യോഗത്തിൽ പങ്കെടുത്തു.

Vol. 2 Issue 180

# CHRISTIANLIVE DAILY

2
Wedneday
Pages 5
549


